LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത കേസിൽ ലഭിച്ച നിയമോപദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പൊതുമുതലും സ്വകാര്യസ്വത്തും നശിപ്പിക്കുന്നത് തടയാൻ നിയമ നിർമ്മാണം നടത്തിയ സഭയിലെ അംഗങ്ങൾ തന്നെ അത് ലംഘിക്കുന്നത് കുറ്റകര മാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിയമസഭയിൽ നടന്ന ഒരു ക്രിമിനൽ നടപടിയുടെ കേസ് എഴുതി ത്തള്ളുന്നത് ഇത്തരം അക്രമസംഭവങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;

&

(ഇ) നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂട്ടുനിന്നവരെ സംരക്ഷിക്കുന്നതിനായി രാജ്യത്തെ പ്രമുഖരായ അഭിഭാഷകരെ കോടികൾ മുടക്കി കോടതിയിൽ ഹാജരാക്കുന്ന പ്രവണത സർക്കാരിന്റെ നയങ്ങൾക്ക് അനുസൃതമാണോയെന്ന് വ്യക്തമാക്കുമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങൾ**

120(134) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ നഷ്ടത്തിലാ യതിനെത്തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അടച്ചുപൂട്ടിയതുമായ വ്യവസായ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല.

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നഷ്ടത്തിലായതോ നഷ്ടം കൂടിയതോ ആയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

2015-16 സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കി 2015-16 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ/ നഷ്ടക്കണക്കുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. കമ്പനികളുടെ ലാഭ/നഷ്ടക്കണക്കുകൾ പരിശോ ധിച്ചപ്പോൾ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-20-ലെ കോവിഡ്

മഹാമാരിയെ തുടർന്ന് കമ്പനികളുടെ പ്രവർത്തനത്തിൽ മന്ദതയുണ്ടായെങ്കിലും സർക്കാരിന്റെ മൂലധന സഹായംകൊണ്ടും തുടർച്ചയായുള്ള വിലയിരുത്തൽകൊണ്ടും കോവിഡ് മഹാമാരിമൂലമുണ്ടായ ഗുരുതര പ്രതിസന്ധി തരണം ചെയ്യുവാൻ ഒരുപരിധി വരെ സാദ്ധ്യമായിട്ടുണ്ട്. നിലവിലെ ആഡിറ്റ് സ്റ്റാറ്റസിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2020-21 വരെയുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം/നഷ്ടം എന്നിവയുടെ ക്രോഡീകരിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തനലാഭം 214.16 കോടി രൂപയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തന നഷ്ടം 102.86 കോടി രൂപയുമാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുംകൂടി 111.30 കോടി രൂപ പ്രവർത്തന ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്**

121(135) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ആരംഭിച്ചിട്ടുള്ള ഇലക്ട്രിക് വാഹനത്തിന്റെ റിസർച്ച് & ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ പുരോഗതി വ്യക്തമാക്കുമോ?

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് നിലവിൽ നിർമ്മിച്ചുവരുന്ന എൽ-5 കാറ്റഗറി പാസഞ്ചർ ഇലക്ട്രിക്ക് ഓട്ടോയ്ക്ക് ARAI സർട്ടിഫിക്കേഷനുണ്ട്. കൂടാതെ ഇലക്ട്രിക്ക് Load Carriage ഓട്ടോറിക്ഷയുടെ റിസർച്ച് & ഡെവലപ്മെന്റ് പൂർത്തീകരിച്ച് ARAI സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭാവിയിൽ ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും കമ്പനി വിഭാവനം ചെയ്യുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly